**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5208** **14-03-2023 - ൽ മറുപടിയ്ക്ക്**

**ബണ്ട് നിർമ്മാണത്തിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര പഞ്ചായത്തിലെ പള്ളം ഭാഗത്ത് ബണ്ട് നിർമ്മിക്കുന്നതിനായി റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ.എം.എഫ്.) നിന്നും തുക അനുവദിയ്ക്കുന്നതിനും അനുമതി ലഭിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിന് അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽപ്പെട്ട പറപ്പൂക്കര പഞ്ചായത്തിലെ പള്ളം ഭാഗത്ത് ബണ്ട് വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞുപോയിട്ടുള്ളത് അടിയന്തിരമായി കെട്ടി സംരക്ഷിക്കേണ്ട പ്രവൃത്തിയ്ക്ക്, റിവർ മാനേജ്മെന്റ് ഫണ്ടിൽ (ആർ.എം.എഫ്.) നിന്നും 23.07.2022-ലെ G.O(Rt) No. 3136/2022/RD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 19,30,000/- (പത്തൊൻപത് ലക്ഷത്തി മുപ്പതിനായിര രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റിവർ മാനേജ്മെന്റ് ഫണ്ട് - തൃശ്ശൂർ ജില്ലയിലെ കുറുമാലിപ്പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തി - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.3136/2022/RD തീയതി,തിരുവനന്തപുരം, 23-07-2022

---

പരാമർശം:-

1. തൃശ്ശൂർ ജില്ലാ കളക്ടറുടെ 04.06.2021 , 02.04.2022 എന്നീ തീയതികളിലെ DCTSR / 617 / 2018 -H4 നമ്പർ കത്തുകൾ.
2. ഐ.എൽ.ഡി.എം ഡയറക്ടറുടെ 17.08.2021 തീയതിയിലെ ILDM/1550/ 2017 -E1 നമ്പർ കത്ത് .
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 05.09.2021 , 25.10.2021 എന്നീ തീയതികളിലെ LRK1 / 2304 / 2021 നമ്പർ കത്തുകൾ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ തീയതിയിലെ LR/4726/2022-LR(K1) നമ്പർ കത്ത്.
5. 07.06.2022-തീയതിയിലെ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗനടപടികുറിപ്പ്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 2-ൽ പള്ളം പ്രദേശത്തു കുറുമാലി പുഴയുടെ ഇടതുകരയിലെ ബണ്ട് വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞു പോയിട്ടുള്ളത് അടിയന്തരമായി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്കായി ₹12,75,000 (പന്ത്രണ്ട ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുവാൻ, തൃശ്ശൂർ ജില്ലാ കളക്ടർ 04.06.2021 -ലെ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നു . ടി നദീ തീര സംരക്ഷണ പ്രവൃത്തിയ്ക്കു റിവർ മാനേജ്മന്റ് ഫണ്ടിൽ ഉൾപ്പെടുത്തി, ഭരണാനുമതി നൽകുന്ന വിഷയം പരിഗണിക്കാവുന്നതാണ് എന്ന് ലാൻഡ് റവന്യൂ കമ്മീഷണർ 05.09.2021 തീയതിയിലെ കത്ത് മുഖേന അറിയിച്ചിരുന്നു.

എന്നാൽ ടി സംരക്ഷണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2018-ൽ തയ്യാറാക്കിയതിനാലാണ് പ്രവൃത്തി പൂർത്തികരണത്തിനാവശ്യമായ പ്രതീക്ഷിത ചെലവ് ₹12,75,000/- (പന്ത്രണ്ട ലക്ഷത്തി എഴുപത്തയ്യായിരം രൂപ മാത്രം) രൂപ ആവശ്യപ്പെട്ടതെന്നും, നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനു ₹19,30,000/- (പത്തൊൻപതു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപ ആവശ്യമായി വരുമെന്നും തൃശ്ശൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതായി, ലാൻഡ് റവന്യൂ കമ്മിഷണർ അറിയിക്കുകയും, തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ

പരാമർശം (4) പ്രകാരം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തു.

07.06.2022 തീയതിയിലെ ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന ഉന്നത തല സമിതി യോഗം, ടി നദീ തീര സംരക്ഷണ പ്രവൃത്തിയുടെ പുതുക്കിയ പ്രൊപ്പോസൽ പരിശോധിക്കുകയും, പരാമർശം (5) പ്രകാരം, സംസ്ഥാന ഉന്നത തല സമിതി അംഗമായ ശ്രീ.ആർ.അജയന്റെ നേതൃത്വത്തിൽ സ്ഥലപരിശോധനനടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

തുടർന്ന് 14.06.2022 തീയതിയിൽ സ്ഥല പരിശോധന നടത്തുകയും , തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 2-ൽ പള്ളം പ്രദേശത്തു കുന്നമ്മക്കര കടവിന് സമീപത്തു കുറുമാലി പുഴയുടെ ഇടതുകരയിലെ ബണ്ട് വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞു പോയിട്ടുള്ളത് അടിയന്തരമായി കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തികൾക്കായുള്ള ₹19,30,000/- (പത്തൊൻപതു ലക്ഷത്തി മുപ്പതനായ്യിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റിനു ഭരണാനുമതി നൽകാവുന്നതാണെന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൃശ്ശൂർ ജില്ലയിലെ പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ വാർഡ് നമ്പർ 2-ൽ പള്ളം പ്രദേശത്തു കുറുമാലി പുഴയുടെ ഇടതുകരയിലെ ബണ്ട് വിവിധ ഭാഗങ്ങളിൽ ഇടിഞ്ഞു പോയിട്ടുള്ളത് അടിയന്തരമായി കെട്ടി സംരക്ഷിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾക്കായുള്ള ₹19,30,000/- (പത്തൊൻപതു ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ നദീതീര സംരക്ഷണ പ്രവൃത്തിയ്ക്കു ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ടി പ്രവൃത്തിയുടെ നടത്തിപ്പ് തൃശ്ശൂർ ജില്ലാ കളക്ടറിൽ നിക്ഷിപ്തമാണ്. 2002-ലെ കേരള നദീ തീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 19, 20 എന്നിവ കർശനമായി പാലിക്കേണ്ടതും, ജില്ലാ കളക്ടർ ടി പ്രവൃത്തിയുടെ പുരോഗതി ഉറപ്പു വരുത്തേണ്ടതും, സമയാസമയങ്ങളിൽ പരിശോധിക്കേണ്ടതുമാണ് .

മേൽ പ്രവൃത്തികൾ നടത്തുന്നതിനു ആവശ്യമായ തുക തൃശ്ശൂർ ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടതാണ്. മേൽ പ്രവൃത്തി ഈ ഉത്തരവ് പുറപ്പെടുവിച്ചു ഒരു വർഷത്തിനുള്ളിൽ പൂർത്തികരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.എൽ.ഡി.എം
ജില്ലാ കളക്ടർ, തൃശ്ശൂർ

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ വകുപ്പ്, തൃശൂർ അഡീഷണൽ ഡിവിഷൻ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്സ് -ന

അഡീഷണൽ ചീഫ് സെക്രട്ടറി (റവന്യൂ വകുപ്പ് )-യുടെ പി.എ യ്ക്ക്